മാതൃഭൂമി
# നഗരം
1 ഏപ്രിൽ 2013 തിങ്കളാഴ്ച
കോഴിക്കോടിൻെറ സ്വന്തം







# വിളകളുടെ നാട്, വെളിച്ചത്തിൻെറയും

■ രജി ആർ. നായർ

സൂര്യനുണരുമ്പോൾ മുതൽ ഭൂമിയുറങ്ങുന്നതുവരെ ചെയ്തുകൊണ്ടിരുന്നാലും തീരാത്തത്ര കാര്യങ്ങളാണ് വേങ്ങേരിക്കാരുടെ മനസ്സിൽ. ഓരോന്നിനും അവർ ഹൃദയത്തിൽ ഇടം കൊടുത്തു, അറിവുകൊണ്ടും അധ്വാനംകൊണ്ടും അതിനെല്ലാമപ്പുറം പ്രകൃതിയോടുള്ള ചങ്ങാത്തംകൊണ്ടും കർമനിരതരായി. 'നിറവ്' എന്ന പേരിൽ 101 വീട്ടുകാർചേർന്ന് ഒരു സ്വാശ്രയഗ്രാമം മെനഞ്ഞെടുക്കുകയാണ് ഇവിടെ. ഭൂമിയിൽ പണിത്, സൂര്യനെ ഊർജമാക്കി, ആരോഗ്യത്തിൻെറ പാഠങ്ങൾ വിളയിച്ചെടുക്കുമ്പോഴും അടുത്തപടിയിലേക്കുള്ള അന്വേഷണം തുടരുന്നു.

'നിറവ്' ഒരു റെസിഡൻറ്സ് അസോസിയേഷനാണ്. വേങ്ങേരിയിലെ അരക്കിലോമീറ്ററിനുള്ളിൽവരുന്ന 101 വീടുകളുടെ കൂട്ടായ്മ. സംസ്ഥാനത്തെ ആയിരക്കണക്കിന് റെസിഡൻറ്സ് അസോസിയേഷനുകളിലൊന്ന്. എന്നാൽ, മിക്ക റെസിഡൻറ്സ് അസോസിയേഷനുകളും ഉദ്ഘാടനവും വാർഷികവും പണംചെലവിട്ടുള്ള ആഘോഷങ്ങളുംമാത്രം നടത്തി കാലം കഴിക്കുമ്പോൾ മാതൃകാഗ്രാമമൊരുക്കാൻ കഴിയുമെന്ന് തെളിയിക്കുകയാണ് വേങ്ങേരിക്കാരുടെ സ്വന്തം നിറവ്. അവരുടെ ദിവസങ്ങൾ തുടങ്ങുന്നത് പുതിയ പുതിയ ആശയങ്ങളിലേക്കാണ്. നാടൊന്നിച്ച് അതിൻെറ നടത്തിപ്പിനായി ഇറങ്ങും. വീടുകളൊന്നിച്ച് അത് വിജയിപ്പിക്കും.

മണ്ണിലിറങ്ങിനിന്നാണ് മറ്റൊരു സംസ്കാരം വേരുപിടിപ്പിക്കുന്നതിനെക്കുറിച്ച് വേങ്ങേരിക്കാർ ചിന്തിച്ചുതുടങ്ങിയത്. ഇതിന് കാരണമായതാവട്ടെ ഗ്രാമത്തിൽ നടത്തിയ ഒരു സർവേയും. വേങ്ങേരിയിലെ ഏഴുവീടുകളിൽ കാൻസർ ഉണ്ടെന്ന സർവേഫലം അവരെ ഞെട്ടിച്ചു. കാരണം തിരഞ്ഞുപോയപ്പോൾ പച്ചക്കറികളിൽ തളിച്ച കീടനാശിനികളാണ് വില്ലനെന്ന് മനസ്സിലായി. വിഷം വിലയ്ക്കുവാങ്ങേണ്ടെന്ന് അന്ന് അവർ തീരുമാനിച്ചു. ശാസ്ത്രസാഹിത്യ പരിഷത്തിൻെറയും നിറവിൻെറ ചുക്കാൻപിടക്കുന്ന ബാബു പറമ്പത്തിൻെറയും നേതൃത്വത്തിൽ കാര്യങ്ങൾ പുരോഗമിച്ചു. 2006-ൽ 'നിറവി'ൻെറ രൂപവത്കരണം അതിന് വളമായി. ഓരോവീട്ടിലും രാസവളവും രാസകീടനാശിനികളും തൊടാത്ത പച്ചക്കറികൾ നട്ടുവളർത്തി അവർ മാറ്റങ്ങൾക്ക് തുടക്കമിട്ടു. അയൽനാടിൻെറ പച്ചക്കറി വണ്ടികൾ കാത്തിരിക്കുന്ന മലയാളികൾക്കുമുന്നിൽ 'നിറവ്' നാടൻകൃഷിയുടെ നന്മയും സ്നേഹവും തുറന്നുവെച്ചു.

ജൈവകൃഷി വാർഡ് മുഴുവൻ വ്യാപിപ്പിക്കാൻ അന്നത്തെ കൗൺസിലറായിരുന്ന കെ.സി. അനിൽകുമാർ മുൻകൈയെടുത്തു. അങ്ങനെ വേങ്ങേരി ഗ്രീൻ വേൾഡിനടുത്തുള്ള പത്തേക്കറിൽ വിളയിറക്കി. നാട്ടിലെ വന്ദ്യ വയോധികർ പത്തായത്തിൽനിന്ന് വിത്തെടുത്തുകൊടുത്തു. ഗ്രാമത്തിലെ പശുക്കൾ ചാണകം നൽകി. തുടക്കംമുതൽ വേങ്ങേരിക്കാരുടെ കൂടെയുണ്ടായിരുന്ന പ്രൊവിഡൻറ്സ് വിമൻസ് കോളേജിലെ കുട്ടികൾ നാട്ടുകാരോടൊപ്പം വയലിലിങ്ങി. 2010-ൽ സംസ്ഥാനത്തിൻെറ ജൈവനയം പ്രഖ്യാപിക്കുന്നതിന് അന്നത്തെ കൃഷിമന്ത്രി മുല്ലക്കരരത്നാകരന് പ്രേരണയാവാൻ നിറവിനും വേങ്ങേരിക്കാർക്കുമായി.

കൃഷിമന്ത്രിയുടെ പ്രശംസാപത്രം, ഹെർബൽ റിസർച്ച് സൊസൈറ്റിയുടെ ജൈവശ്രീ പുരസ്കാരം, ജില്ലാ കളക്ടറുടെ അനുമോദനപത്രം, മഴക്കാലപൂർവശുചീകരണത്തിന് ഐ.എം.എ. പുരസ്കാരം തുടങ്ങിയവ ഇതിനകം നിറവിനെ തേടിയെത്തി. കൊറിയയിൽനിന്ന് കോഴിക്കോട് ഐ.ഐ.എമ്മിൽനിന്നുള്ള വിദഗ്ധ സംഘം വേങ്ങേരിയിലെ അദ്ഭുതത്തിൻെറ കാരണം തേടിവന്നു. കൃഷിമന്ത്രി കെ.പി. മോഹനനും നിറവിന് പ്രോത്സാഹനവുമായെത്തി.

തൊടികളിൽ വീണ് വെറുതേപോവുന്ന ചക്കയിൽനിന്ന് 101 വിഭവങ്ങളുണ്ടാക്കുമ്പോൾ വീട്ടമ്മമാർ മാത്രമല്ല, ചക്കയും ബഹുമാനിക്കപ്പെട്ടു. നഗരത്തിൽ നടന്ന ചക്കമഹോത്സവത്തിലായിരുന്ന നിറവ് 101 ചക്കവിഭവങ്ങളുമായെത്തിയത്. കൃഷിമാത്രം പോരെന്നും മനുഷ്യജീവിതത്തെ കൂടുതൽ നന്നാക്കാൻ പരിശ്രമിക്കണമെന്നും തിരിച്ചറിഞ്ഞുള്ള പ്രവർത്തനങ്ങളാണ് പിന്നീടുണ്ടായത്. കൃഷിയോടൊപ്പം മാലിന്യസംസ്കരണവും ചേർത്ത് അവർ 'ജൈവശ്രീ' പദ്ധതിയുണ്ടാക്കി. വൈദ്യുതിയുപയോഗം കുറച്ചും സൗരോർജവൈദ്യുതിക്ക് വഴിതുറന്നുകൊടുത്തും 'ഊർജശ്രീ'ക്ക് തുടക്കമിട്ടു. ആരോഗ്യസംരക്ഷണം അടിത്തട്ടുമുതൽ തുടങ്ങുന്നതിനായി ഇപ്പോൾ 'ആരോഗ്യമിത്ര'ത്തിലേക്ക് കാലൂന്നുകയാണ്. പി.പി.മോഹനനാണ് 'നിറവി'ൻെറ പ്രസിഡൻറ്; എം. സുബീഷ് സെക്രട്ടറിയും.

കൃഷിയും ഊർജസംരക്ഷണവും ആരോഗ്യ പദ്ധതിയമെല്ലാം ഓരോ വീടുകൾക്കുമിടയിലുള്ള മമത കൂട്ടുകയാണ്. അടുത്ത വീട്ടിലെ പയർചെടി വളർന്നോ എന്ന കുശലാന്വേഷണവുമായി ഇപ്പുറത്തെ വീട്ടുകാരിയും വീട്ടുകാരനുമെത്തും. കീടത്തെ ഓടിക്കാൻ എന്തുവഴിയെന്ന് പറഞ്ഞുകൊടുക്കും. നിറവിലെ ഏത് വീട്ടിലെ എൽ.ഇ.ഡി. കേടുവന്നാലും അത് മറ്റു വീട്ടുകാരറിയും. കാരണം കേട് തീർത്തുകൊടുക്കുന്നത് അവരിലൊരാളായിരിക്കും. കലാപരിപാടികൾക്ക് ചുക്കാൻ പിടിക്കുന്ന 'ദേവീപ്രസാദ'ത്തിലെ ലക്ഷ്മിയേടത്തിയുടെ വീട്ടിലെത്തുന്ന 'ചെറുവാല്യക്കാർക്ക്' ഒപ്പനയുടെയും ദഫ്മുട്ടിൻെറയും മാത്രമല്ല കൂട്ടായ്മയുടെയും പാഠങ്ങൾ കിട്ടും. കൂട്ടത്തിലൊരാൾക്ക് അസുഖമോ അത്യാവശ്യമോ വന്നാൽ നിറവിലെ കാറുള്ള 17 വീട്ടുകാരും വണ്ടിയെടുക്കാൻ തയ്യാറാവും. നിറവിൻെറ യൂത്ത്വിങ്ങിൻെറ പുലർകാല വ്യായാമങ്ങളെല്ലാം കൃഷിസ്ഥലത്ത് സഹായം ചെയ്തുകൊണ്ടാണ്.

ഓരോ വീട്ടുകാരിൽനിന്നും 10 രൂപ മാത്രമാണ് വരിസംഖ്യ വാങ്ങുന്നത്. എല്ലാവരും എല്ലാറ്റിലും ഉണ്ടാവുക എന്നതിലാണ് കാര്യമെന്ന് നിറവ് പഠിപ്പിക്കുന്നു. കോർപ്പറേഷനിലെ ഒരു വാർഡാണെങ്കിലും വേങ്ങേരിയുടെ മനസ്സിൽ ഗ്രാമത്തിൻെറ നന്മയുണ്ട്. പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിക്കാൻ 'നിറവു'ണ്ട്. അതിൽ മണ്ണിൻെറ മനസ്സറിഞ്ഞവരുണ്ട്. ഒന്നിച്ചുനിൽക്കുമ്പോൾ ഉള്ളിൽ പച്ചപ്പിൻെറയും പ്രകാശത്തിൻെറയും ആനന്ദം നിറയുന്നത് അനുഭവിച്ചറിയുകയാണ് ഈ നാട്.





## പച്ചപുതച്ച്, മാലിന്യം കളഞ്ഞ് 'ജൈവശ്രീ'

ഓരോ വീട്ടിലും അവർക്കാവശ്യമുള്ള പച്ചക്കറി, ഓരോ വീടും മാലിന്യമുക്തം. അത് എത്രമേൽ എളുപ്പമാണെന്ന പാഠത്തിന് അവർ 'ജൈവശ്രീ' എന്ന് പേരിട്ടു. തുടക്കംമുതലേ ചെയ്തുപോന്നതെങ്കിലും കൂടുതൽ പേരെ കൃഷിയിലെത്തിക്കാൻ നിറവ് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് പദ്ധതി സമർപ്പിച്ചു. ഇതിന് ഒന്നാം സ്ഥാനം കിട്ടിയെന്നുമാത്രമല്ല പച്ചക്കറി കൃഷി ചെയ്യാനായി ചട്ടി വാങ്ങാൻ 50,000 രൂപയും വകുപ്പ് കൊടുത്തു. 70 വീടുകളിൽ 10 ചട്ടി വീതം വെച്ചുള്ള കൃഷി ഇപ്പോൾ സജീവമാണ്. ചട്ടികളിൽ കുറ്റിക്കുരുമുളകും തക്കാളിയും ചീരയും വെണ്ടയും പയറും കായ്ച്ചുനില്ക്കുന്നു.

ഒന്നേമുക്കാൽ സെൻറിൽ വീടുവെച്ച പറാംവീട്ടിൽ സുഭാഷിണിയെപ്പോലുള്ളവരും വീടിനുചുറ്റുമുള്ള ഇത്തിരിവട്ടത്തിൽ തങ്ങൾക്കുവേണ്ടത് നട്ടുവളർത്തുന്നത് ഇങ്ങനെയാണ്. കൃഷിയിടം കനാൽവെള്ളം വന്ന് ഉപയോഗശൂന്യമായപ്പോൾ ടെറസിലേക്ക് കൃഷി പറിച്ചുനട്ട 'പ്രണവ'ത്തിലെ രതികലയെപ്പോലെയുള്ളവരും നിറവിലുണ്ട്. സുഭാഷിണിയുടെ മകൾ ദീപികയും എളേടത്ത് വീട്ടിലെ എൻജിനീയറിങ് വിദ്യാർഥി നന്ദിതയുമാണ് അതത് വീടുകളിലെ കൃഷിക്കാർ. മണ്ണിലിറങ്ങുന്ന മക്കളെ ഈ നാട് പോറ്റിവളർത്തുന്നു.

ചട്ടികൃഷിക്ക് പരിശീലനം നൽകാൻ സി.ഡബ്ല്യു.ആർ.ഡി.എം. മുന്നോട്ടുവന്നു. നാഷണൽ ഹോർട്ടി കൾച്ചർ കോർപ്പറേഷനും സഹകരിച്ചു. അവർ സൗജന്യമായി നൽകിയ ഇഞ്ചിവിത്തും മഞ്ഞൾവിത്തും തൊടികളിൽ മുളച്ചു കഴിഞ്ഞു. സ്ഥലമില്ലാത്ത 27 വീട്ടുകാർക്കായി 40 സെൻറ് സ്ഥലം നിറവ് കണ്ടെത്തിക്കൊടുത്തു. സംസ്ഥാന ഹോർട്ടി കൾച്ചർ കോർപ്പറേഷൻ കൃഷിക്കാവശ്യമായ ഉപകരണങ്ങളും നൽകി.

'ശ്രീവിഹാറിൽ' ദേവദാസിൻെറ ഭാര്യ ഗീതയെ വിവാഹം ചെയ്തയച്ചപ്പോൾ അച്ഛൻ മകൾക്ക് കൊടുത്തയച്ചത് നല്ല നാടൻ വഴുതിനങ്ങയുടെ വിത്താണ്. നിറവ് ബി.ടി. വഴുതിനങ്ങയെ തോല്പിക്കാൻ ഒരു ലക്ഷം വഴുതിനതൈകൾ മുളപ്പിച്ചപ്പോൾ 10,000 തൈകൾ ഗീതയുടെ വഴുതിനയുടെ കുഞ്ഞുങ്ങളായിരുന്നു. നിറവിലേക്ക് വിവാഹം കഴിച്ചെത്തുന്നവരും ഇവിടെനിന്ന് വിവാഹം ചെയ്തുപോകുന്നവരും അതത് നാട്ടിലെ നാടൻ വിത്തുകൾ നിറവിലെത്തിക്കണം.

പ്ലാസ്റ്റിക്മാലിന്യം ഓരോ ദിവസവും എടുത്തു സൂക്ഷിച്ചുവെക്കും. വീടുകളിലേതുമാത്രമല്ല, ഇടവഴികളിലേതുപോലും. നാല് മാസത്തിലൊരിക്കൽ അത് ഒന്നിച്ച് വണ്ടിവിളിച്ച് റീസൈക്ലിങ് പ്ലാൻറിലെത്തിക്കും. കിലോയ്ക്ക് മൂന്ന് രൂപ വില കിട്ടും. അതുകൊണ്ട് വണ്ടിക്കൂലി കൊടുക്കും. മണ്ണിനെ തൊടാൻ പ്ലാസ്റ്റിക്കിനെ അനുവദിക്കില്ല നിറവുകാർ. ഭക്ഷ്യാവശിഷ്ടം മണ്ണിരക്കമ്പോസ്റ്റാക്കിയും വളക്കുഴികളിൽ നിക്ഷേപിച്ചും ഉപയോഗിക്കും. വളക്കുഴിയിൽ കുഴിച്ചിട്ട കപ്പ കഴിഞ്ഞമാസം വിളവെടുത്തപ്പോൾ കിട്ടിയത് ഒരു മരടിൽ 42 കിലോ. ചിലർ ഒരു പച്ചക്കറിമാത്രം ധാരാളമായി നടും. വിളവെടുക്കുമ്പോൾ ഗ്രാമത്തിലെ മറ്റുള്ളവർക്കും കൊടുക്കും.

## സൂര്യൻ വഴികാട്ടുന്ന 'ഊർജശ്രീ'

തുടക്കമിട്ടത് നിറവിലെ വീട്ടുകാരുടെ വൈദ്യുത ഉപയോഗം പരിശോധിച്ചാണ്. ബോധവത്കരണ ക്ലാസുകൾ നടത്തി ഉപയോഗം കുറച്ചുകൊണ്ടുവന്നു. ഒപ്പം 'ഊർജശ്രീ' പദ്ധതി തയ്യാറാക്കി വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദിന് നൽകി. സപ്തംബറിൽ അദ്ദേഹം നേരിട്ടെത്തി ഊർജശ്രീ ഉദ്ഘാടനം ചെയ്തു. ഓരോ വീടിനും അഞ്ച് സി.എഫ്.എല്ലുകളും നൽകി.

കുളിമുറിയിലെ വെളിച്ചത്തിനുവേണ്ട എൽ.ഇ.ഡി.കൾ വാങ്ങി. 500 രൂപയായിരുന്നു വില. എന്നാൽ നാട്ടിലെ പോളിടെക്നിക്, ഐ.ടി.ഐ. പഠനം കഴിഞ്ഞവർക്ക് അത്യാവശ്യ പരിശീലനം കൊടുത്ത് എൽ.ഇ.ഡി. കൾ ഉണ്ടാക്കിക്കാനായി ശ്രമം. ചെലവ് 120 രൂപയായി കുറഞ്ഞു. നാട്ടിലെ ഇലക്ട്രിക് ജോലി ചെയ്യുന്നവർക്ക് കാര്യം പറഞ്ഞുകൊടുത്തപ്പോൾ അവർ സാങ്കേതിക വിദ്യാഭ്യാസമുള്ളവരേക്കാൾ എളുപ്പത്തിൽ എൽ.ഇ.ഡി. വിളക്കുകൾ ഉണ്ടാക്കുന്നതായി മനസ്സിലായി. ഇപ്പോൾ ഇവിടുത്തെ സയൻസ് വിദ്യാർഥികളും നിറവിനുവേണ്ട എൽ.ഇ.ഡി.കൾ ഉണ്ടാക്കുന്നു.

എന്നിട്ടും ബിൽ തുക 150 രൂപയ്ക്ക് മുകളിൽ പോവുന്ന 50 ശതമാനം വരുന്ന വീട്ടുകാർക്കായി സോളാർ പാനലുകളൊരുക്കുകയാണ് നിറവ്. ടാറ്റയിൽനിന്ന് ഒന്നിച്ചുവാങ്ങി സബ്സിഡി കഴിഞ്ഞുള്ള 44,000 രൂപയ്ക്ക് ബാങ്ക് വായ്പയൊരുക്കി വീടുകൾക്ക് സോളാർ പാനൽ എത്തിച്ചുകൊടുക്കും. വീടുകൾക്കുവേണ്ട വൈദ്യുതിയെടുത്ത് ബാക്കി വൈദ്യുതി ബോർഡിന് നൽകാനാണ് ആലോചന. നിറവിന് ഇടുക്കിയിലെ കറൻറ് വേണ്ടാത്ത കാലമാണ് വരാൻ പോകുന്നത്.



## നിറവിൻെറ സ്വന്തം 'ആരോഗ്യ മിത്രം'

നാട്ടിലെ കിണറുകളിലെ വെള്ളം പരിശോധിച്ചാണ് ഇവിടുത്തുകാരുടെ ആരോഗ്യം നിറവ് കണ്ടുപിടിച്ചത്. ആദ്യപരിശോധനയിലും സൂക്ഷ്മപരിശോധനയിലും മൂന്ന് വീടുകളിൽ ഇകോളി ബാക്ടീരിയയെ കണ്ടെത്തിയത് അവരെ അസ്വസ്ഥരാക്കി. മൂന്ന് വീടുകളിലെയും കിണറിൽ ക്ലോറിനേഷൻ നടത്തി.

ഇനി ഓരോ വീടുകളിലുമുള്ളവരെ ഡോക്ടർമാർ അവിടെയെത്തി പരിശോധിക്കും. അസുഖമുള്ളവർക്ക് അലോപ്പതി, ഹോമിയോ, ആയുർവേദ ചികിത്സകളിൽ ഏതാണോ വേണ്ടത് അത് തിരഞ്ഞെടുക്കാം. സ്കൂൾ കുട്ടികൾ, പ്രായമായവർ തുടങ്ങി പല ഗ്രൂപ്പുകളിലുള്ളവരാക്കിയും പല ചികിത്സാരീതികളും പാലിയേറ്റീവ് കെയർവരെയും നൽകിയും മാലിന്യ നിർമാർജനവും കൊതുകുനശീകരണവും വരെ നിർബന്ധമാക്കിയുമാണ് ആരോഗ്യമിത്രം ലക്ഷ്യം നേടുക. ഡോ. അഖിലേഷാണ് ഇതിൻെറ ഡയറക്ടർ. ഒടുവിൽ ഭക്ഷ്യശീലങ്ങൾ ക്രമപ്പെടുത്തി രോഗ നിയന്ത്രണവും നിറവ് ലക്ഷ്യമിടുന്നു.

400 കോടി രൂപയുടെ നിക്ഷേപവുമായി
സഹകരണ ബാങ്കുകളിൽ ഒന്നാമതാകുവാൻ സഹകരിച്ച
മാന്യ ഇടപാടുകാർക്കും അഭ്യുദയകാംക്ഷികൾക്കും
400 കോടി നന്ദി...




കാലിക്കറ്റ് സിറ്റി സർവ്വീസ് സഹകരണ ബാങ്ക്
H.O. ..., കോഴിക്കോട് - 2, Ph: 2306311, 2703311. www.calicutcitybank.com
സാധാരണക്കാരുടെ ഹൈടെക് ബാങ്ക്